# weekly Devotion- June 2019
# God's restoration at Brook Besor)

**(ദൈവീകതണുപ്പ് നൽകുന്ന ബെസോർ)- 1 ശമു:30:9**



നിങ്ങളുടെ ഹൃദയത്തെ മുറിവേൽപിക്കുന്ന പല വിഷയങ്ങളും ഉണ്ടായിട്ടില്ലേ? മറ്റുള്ള വരുടെ ക്രൂരമായ പെരുമാറ്റമോ, നിരസനമോ, അവിശ്വസ്തതയോ ആയിരുന്നോ അത് ? ക്രൂരമായ പീഢകളിൽ ഒരു ദൈവപൈതലിനെ ആശ്വസിപ്പിക്കുകയും ക്ഷമിക്കുവാൻ പഠിപ്പിക്കുകയും ചെയ്യുന്നത് ദൈവവും ദൈവവചനവുമാകുന്നു. പീഢയും ക്ഷമയും തമ്മിൽ ബന്ധമുണ്ട്. ക്ഷമിക്കുവാൻ പഠിപ്പിക്കുന്ന അദ്ധ്യാപക നാണ് പീഢ. വേറൊരു വിധത്തിൽ പറഞ്ഞാൽ ക്ഷമയെ പുറത്തേക്കു കൊണ്ടുവരു ന്നത് പീഢയും അതിനെ സഹായിക്കുന്നത് ദൈവവചനവുമാണ്.പീഢകർക്ക് തണൽ അഥവാ ആശ്വാസത്തിന്റെ ഉറവിടം ക്രിസ്തുവാണ്.

മ്യാൻമാറിലേക്ക് സുവിശേഷ വേലയ്ക്കായി കടന്നു പോയ മിഷ്യനറിയാണ് അഡോനിറാം ജഡ്സൺ. അദ്ദേഹത്തിന്റെ ജീവിതത്തിൽ അപ്രതീക്ഷിതമായി പല തും സംഭവിച്ചു. അദ്ദേഹത്തിന്റെ രണ്ടു മക്കളും ഭാര്യയും മരണപ്പെട്ടു. കൂടാതെ കാരാഗ്രഹവാസവും അനുഭവിക്കേണ്ടതായി വന്നു. മുൻപോട്ട് ഒരു ചുവടുപോലും വയ്ക്കുവാൻ ബലമില്ലാതെ , ആശയറ്റവനായിത്തീരേണ്ട അവസരത്തിലും പ്രാർത്ഥ നയിൽ ശ്കതനായി തുടർന്നു.അതിനാൽ അപ്രതീക്ഷിത സാഹചര്യത്തിലും തനിക്ക് ശക്തിപകർന്ന് ,കൂടെ നടക്കുന്നവനെ അദ്ദേഹം കണ്ടു. അതിനാൽ ബർമ്മീസ് ഭാഷ യിൽ ബൈബിൾ പരിഭാഷപ്പെടുത്തുവാനും അനേകരെ യേശുവിനു വേണ്ടി നേടു വാനും അദ്ദേഹത്തിനു കഴിഞ്ഞു.

ബെസോർ തോട്ടികൽ ദാവീദ് എത്തുവാൻ കാരണമെന്ത് ? ബെസോർ എന്ന വാക്കിന്റെ അർത്ഥം തണുപ്പ് അഥവാ ആശ്വാസം എന്നാണ്. ഒരു തത്വചിന്തകൻ ആശ്വാസം ലഭിക്കുന്ന സമയത്തെ "ബെസോർ തോട് നിമിഷം" എന്നു പറയുന്നു. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് ദാവീദിന്റെ സിക്ളാഗിലെ തകർച്ചയുടെ ചിത്രം.

ഫെലിസ്ത്യരെ തോല്പിച്ച് വൻ വിജയം നേടുവാൻ സഹായിച്ച ദാവീദിനെ യിസ്രായേൽ രാജാവ് ശത്രുവായി കണ്ടതിനാൽ ശൗൽ രാജാവിനെ ഭയന്നോടുക യാണ് ദാവീദ്. ആഖിശ് എന്ന ഫെലിസ്ത്യൻ ദാവീദിന് അഭയം നൽകിയെങ്കിലും

ഫെലിസ്ത്യജനം ദാവീദിനെ വെറുത്തു.യിസ്രായേലുമായി വീണ്ടും യുദ്ധം വന്നപ്പോൾ ദാവീദിനെ കൂട്ടുവാൻ വിശ്വാസമില്ലാതെ ദാവീദിനേയും കൂട്ടരേയും അവർ സിക്ളാഗിലേക്ക് മടക്കി അയച്ചു. മൂന്നുദിവസം നടന്നു ക്ഷീണിച്ച് മടങ്ങി വന്നവർ കണ്ടത് പട്ടണം അമാലേക്യർ ചുട്ടു നശിപ്പിക്കുകയും പ്രീയപ്പെട്ടവരെ പിടിച്ചുകൊണ്ടുപോയതുമാണ്. ദാവീദും കൂട്ടരും ബലമില്ലാതാകുവോളം കരഞ്ഞു കരഞ്ഞു തളർന്നവരെ വീണ്ടും വീണ്ടും വേദനിപ്പിക്കുന്നത് ചിലർക്ക് രസമാണ്.ഇവിടെ ദാവീദിനോടൊപ്പം ഉള്ളവർ , കരഞ്ഞ് ബലമില്ലാതായവർ തന്നെയാണ് കല്ലെറിയുവാൻ തയ്യാറായതും.എന്നാൽ ദാവീദോ തന്റെ ദൈവമായ യഹോവയിൽ ധൈര്യപ്പെട്ടു.

ദൈവീക ആലോചന ചോദിച്ചതനുസരിച്ച് ശത്രുവിനെ പിൻതുടരുവാൻ ദാവീദ് ധൈര്യപ്പെട്ടപ്പോൾ ക്ഷീണിതരായി വന്നവരിൽ 600 പേർ ദാവീദിനോടൊപ്പം കല്ലേറുവേണ്ട എന്ന തീരുമാനത്തിൽ കുറെദൂരം മുൻപോട്ടു പോയി.ശാരീരികവും മാനസികവുമായി തളർന്നവരോടൊപ്പം സ്വല്പദൂരം മുൻപോട്ടു നടക്കുന്നത് ഭാരമുള്ളവർക്ക് ആശ്വാസം നൽകുന്നു. നമുക്കതു കഴിയുമോ? കഴിയണം , അതാണ് ദൈവമക്കളുടെ പ്രത്യേകത.അങ്ങനെ ബെസോർ തോട്ടികലെത്തിയതിൽ 400 പേർ ദാവീദിനോടൊപ്പം വീണ്ടും മുൻപോട്ടുപോയി.ആഘോഷത്തിമിർപ്പിലായിരുന്ന ശത്രുവിനെ കണ്ടെത്തുവാനുള്ള സാഹചര്യം ഒരുക്കിയ ദൈവം ഒരു വലിയ സംഹാരം നടത്തി നഷ്ടമായതിനേക്കാൾ കൂടുതൽ മടക്കിക്കൊണ്ടുവരുവാൻ സഹായിച്ചു. ദൈവത്തിനു നന്ദി പറയുകയും കൊള്ളമുതൽ സകലർക്കും വീതിക്കുകയും ചെയ്ത നേതാവാണ് ദാവീദ് (1ശമു:30:16-25).

ദൈവം നന്മകൾ ചെയ്യുമ്പോൾ അതിൽ സന്തോഷിക്കാതെ കല്ലെറിയുന്നവർ ഇന്നും ഉണ്ട്. നാവുകൊണ്ടുള്ള കല്ലേറാണ് ഏറ്റവും വേദനാജനകമായത്.അപ്രകാരമുള്ള കല്ലേറിന് വിധേയനായവനാണ് അമ്മയുടെ ഗർഭം മുതൽ കുരുടനായവൻ. യേശു അവനെ സൗഖ്യമാക്കി എന്നറിഞ്ഞവർ വെളിച്ചംകണ്ടവന്റെ സന്തോഷത്തിൽ പങ്കു ചേരാതെ കല്ലെറിയുവാൻ നാവു വളച്ചു.മാതാപിതാക്കൻമാർ പോലും ഉപേക്ഷിച്ചിട്ടും **'അവൻ പ്രവാചകൻ'** എന്നും ദൈവത്തിന്റെ അടുക്കൽ നിന്ന് വന്നവൻ എന്നും സാക്ഷിച്ചവന് ആശ്വാസമായി യേശു എത്തി. ഇതാണ് ബെസോർതോട് തണുപ്പ് .

കാരാഗ്രഹത്തിനോ, ചങ്ങലയ്ക്കോ പൗലോസും ഒനോസിമോസും തമ്മിലുള്ള സ്നേഹത്തെ ഇല്ലാതാക്കുവാൻ കഴിഞ്ഞില്ല എന്ന് തിമെഥിയോസിന് പൗലോസെഴുതിയ ലേഖനത്തിൽ വ്യക്തമാക്കുന്നു. അവന്റെ കുടുംബം കാരാഗ്രഹത്തിലായ തനിക്ക് തണുപ്പ് നൽകി എന്ന് അദ്ദേഹം വ്യക്തമാക്കുന്നു. (2തിമൊ:1:15,16)

പ്രീയരേ മാനുഷിക സാമീപ്യം തണുപ്പ് അഥവാ ആശ്വാസം നല്കുന്നതാണെങ്കിൽ നമ്മെ സ്നേഹിക്കുന്ന കർത്താവിന്റെ സാമീപ്യം എത്ര ആശ്വാസകരമാണ്.ഏത് കഠിന പ്രതികൂലത്തിലും കൈവിടാതെ നമ്മുടെ പ്രാണനെ തണുപ്പിക്കുന്ന ആ നല്ലിടയനെ ഹൃദയത്തിൽ സ്വീകരിക്കുക. 'ഞാൻ തന്നെ നിങ്ങളെ ആശ്വസിപ്പിക്കുന്നവൻ' (യെശ:51:12)എന്നരുളിയ കർത്താവിനോടു കൂടെ മുൻപോട്ടു നടപ്പാൻ ദൈവം നമ്മെ ബലപ്പെടുത്തട്ടെ

‘God bless You’

ശാന്തമ്മ വർഗ്ഗീസ്

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59-JJX2dk_wuLkKT2hE0tg